സിറാജ് 28 July 2022

# കടൽ പായൽ ഉത്പാദനം വൻതോതിൽ കൂട്ടാമെന്ന് പഠനം

- 342 സ്ഥലങ്ങളിൽ നിന്ന് പ്രതിവർഷം 97 ലക്ഷം ടൺ ഉത്പാദനമുണ്ടാക്കാം

കൊച്ചി| ആഗോള വിപണിയിൽ വലിയ മൂല്യമുള്ള കടയൽപായലിന്റെ ഉത്പാദനം വൻതോതിൽ കൂട്ടാൻ കഴിയുമെന്ന് പഠനം. രാജ്യത്തെ 342 സ്ഥലങ്ങളിൽ നിന്നായി പ്രതിവർഷം 97 ലക്ഷം ടൺ കടൽ പായൽ ഉത്പാദനം നടത്താമെന്നാണ് സമുദ്രഗവേഷണ പഠനകേന്ദ്രത്തിലെ ഗവേഷകരുടെ കണ്ടെത്തൽ. രാജ്യത്ത് 342 സ്ഥലങ്ങൾ കടൽ പായൽകൃഷിക്ക് അനുയോജ്യമാണെന്ന് സി എം എഫ് ആർ ഐ അടയാളപ്പെടുത്തിയിട്ടുണ്ടെന്ന് ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ പറഞ്ഞു. ഈ സ്ഥലങ്ങളിൽ 24167 ഹെക്ടറിലായി പ്രതിവർഷം 97 ലക്ഷം ടൺ കടൽ പായൽ ഉത്പാദനം സാധ്യമാണെന്നും അദ്ദേഹം വ്യക്തമാക്കി. ആഗോളതലത്തിലെ കടൽ പായൽ ഉത്പാദനവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യ വളരെ പിന്നിലാണ്. 2022ൽ ഇതുവരെ 350 ലക്ഷം ടണ്ണാണ് ആഗോള ഉത്പാദനം. എന്നാൽ കഴിഞ്ഞ വർഷം ഇന്ത്യയിൽ ഉത്പാദിപ്പിച്ചത് ഏകദേശം 34000 ടൺ കടൽ പായൽ മാത്രമാണ്. 2025ഓട് കൂടി പ്രതിവർഷം 1142 ലക്ഷം ടൺ കടൽ പായൽ ഉത്പാദനംകേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നുണ്ട്.പുതിയ സാഹചര്യത്തിൽ ഉത്പാദനം വലിയ തോതൽ കൂട്ടാമെന്നാണ് കണ്ടെത്തൽ.



കൂടുകൃഷിയോടൊപ്പം കടൽ പായൽ കൂടി കൃഷി ചെയ്യാവുന്ന സി എം എഫ് ആർ ഐ വികസിപ്പിച്ച സംയോജിത സാങ്കേതികവിദ്യയായ ഇംറ്റ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വളരെ വിജയകരമാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഈ സാങ്കേതികവിദ്യ കടൽ പായൽ കൃഷി ജനകീയമാക്കാൻ സഹായിക്കുമെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. ധാതുക്കൾ, വിറ്റാമിനുകൾ, ട്രെയ്സ് മൂലകങ്ങൾ, ബയോ ആക്റ്റീവ് വസ്തുക്കൾ എന്നിവ കടൽപ്പായലിൽ ധാരാളം അടങ്ങിയിട്ടുണ്ട്. മരുന്നുകൾ, സൗന്ദര്യ വർധക വസ്തുക്കൾ എന്നിവ ഉത്പാദിപ്പിക്കുന്നതിനും ഐസ്ക്രീം, പേസ്ട്രിസ് എന്നിവയുൾപ്പെടെയുള്ള ബേക്കറി സാധനങ്ങൾ നിർമിക്കുന്നതിനുമുള്ള അവിഭാജ്യ ഘടകമായ അഗാർ കടൽ പായലിൽ നിന്നാണ് ഉത്പാദിപ്പിക്കുന്നത്. സാമ്പത്തിക നേട്ടത്തിന് പുറമെ, കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാനും കടൽ പായൽ കൃഷി അനുയോജ്യമാണ്. വൻതോതിൽ കാർബൺ ഡയോക്സൈഡിനെ ആഗിരണം ചെയ്ത് പിടിച്ചുവെക്കാൻ കടൽ പായലുകൾക്ക് ശേഷിയുണ്ട്. നിലവിൽ ഇന്ത്യയിലെ വ്യവസായ ആവശ്യങ്ങൾക്കുള്ള കടൽപ്പായൽ ഉത്പന്നങ്ങളിൽ അധികവും പുറമെ നിന്ന് ഇറക്കുമതി ചെയ്യുകയാണ്. ലോകത്ത് വ്യാവസായിക അടിസ്ഥാനത്തിൽ കടൽപ്പായൽ കൃഷി ചെയ്യുന്ന രാജ്യങ്ങളിൽ ചൈന, ജപ്പാൻ, കൊറിയ, ഫിലിപ്പീൻസ് എന്നിവരാണ് മുമ്പന്തിയിൽ.